# സെന്റ് ജോസഫ് ജി എച്ച് എസ് എസ് ആലപ്പുഴ

# വർണ്ണാക്ഷരങ്ങൾ



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

little KITEs

# ഉള്ളടക്കം

ആമുഖം.....3
ലഹരി.....7
പൂഞ്ചോലയിലെ സൗന്ദര്യറാണി.....9
ഒരു ശാസ്ത്രജ്ഞനെ പോലെ ചിന്തിക്കുമ്പോൾ.....12
പുഷ്പം.....13
അമ്മ.....14
കാലത്തിന്റെ കലി.....15
പനിനീർപുഷ്പം.....16
പ്രളയം.....17
പുഴ.....18
മലാല എന്ന മാലാഖ.....18
സൗഹ്രദം.....20
സുഹൃത്ത്.....21
മാക്രിക്കുട്ടനും മുതലച്ചാരും.....24
മയിലാട്ടം.....25
മുടിയേറ്റ്.....26
ഒന്നല്ല,നൂറ്.....27
ഒ . എൻ . വി . കുറുപ്പ്.....28
ഓട്ടന്തുള്ളല്.....29
വിദ്യാലയ വാർത്തകൾ.....30

# ആമുഖം

അറിവിന്റെ അനന്തവിഹായസ്സിലേക്കു പാറിപ്പറക്കുന്ന അനന്തതയുടെ ആ വിസ്മയ സുന്ദരലോകത്തെ പിടിച്ചടക്കാൻ വെമ്പൽ കൊള്ളുന്ന ബാല കൗമാര മനസ്സുകളുടെ സ്വപ്നസാക്ഷാത്കാരത്തിന്റെ സുന്ദരമുഖങ്ങളാണ് കവിത,കഥ,ലേഖനം,യാത്രാവിവരണം ........തുടങ്ങിയവ.

കുട്ടികളുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതാണ്'ലിറ്റിൽ കൈറ്റ്സ്'എന്നസംഘടനയുടെലക്ഷ്യം.ഇരുളിന്റെചങ്ങലപൊട്ടിച്ചെറിഞ്ഞു പ്രകാശനമായലോകത്തിന്റെ സ്വപ്നത്തേരുകളിൽ പാറിനടക്കുവാൻ തീക്ഷ്ണതയോടെ മുന്നേറുന്ന കുട്ടികൾക്കു പ്രചോദനമാണ്'ലിറ്റിൽ കൈറ്റ്സ്'.

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

**ആശംസ**

പാഠ്യവിഷയങ്ങളോടൊപ്പം കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന സര്ഗാത്മകകഴിവുകൾ കണ്ടെത്തി പരിപോഷിപ്പിച്ചു അവരെ മികവിലേക്ക് ഉയർത്തുമ്പോഴാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം അതിന്റെ പൂർണതയിൽ എത്തുന്നത് . നമ്മുടെ സ്കൂളും ഇതിന്റെ ഭാഗമായി ' ലിറ്റിൽ കൈറ്റിസി'ന്റെ നേതൃത്വത്തിൽ കുട്ടികളുടെ വിവിധ രചനകളും , ചിത്രങ്ങളും , ഡിജിറ്റലൈസ് ചെയ്തു 'വർണാക്ഷരങ്ങൾ ' എന്ന പേരിൽ പുറത്തിറക്കുന്നതിൽ ഏറെ അഭിമാനിക്കുന്നു . നാളയുടെ മുകുളങ്ങളായ ഈ വിദ്യാർത്ഥിനികളുടെ കഴിവുകൾ ലോകം മുഴുവൻ വ്യാപരിക്കാനും അതുവഴിയായി സെന്റ് ജോസഫ്സിന്റെ യശസ്സ് വാനോളം ഉയരാനും സർവേശ്വരൻ അനുഗ്രഹിക്കട്ടെയെന്നും ആശംസിക്കുന്നു .

By
Headmistress

# എഡിറ്റോറിയൽ

ഒരു സംവിധാനമെന്ന നിലയിൽ വിദ്യാഭ്യാസത്തെ സമൂഹത്തിന്റെ മസ്തിഷ്കം എന്ന് വിളിക്കാം, അത് ഏത് വ്യവസ്ഥയുടെയും പിന്നിലെ അസ്ഥിയാണ്. ശാസ്ത്രം വിദ്യാഭ്യാസത്തിന്റെ ആത്മാവാണ്. ആശയങ്ങളിലെ വിശാലമായ സാഹസികതയാണ് ശാസ്ത്രം. ശാസ്ത്രം ഒരു നദി പോലെയാണ്, അത് വളച്ചൊടിച്ചതും അതിശയകരമായതുമായ സാഹസികത നിറഞ്ഞതാണ്. ഞങ്ങളുടെ മാഗസിൻ ഉപയോഗിച്ച് നിങ്ങളുടെ ജിജ്ഞാസ ഉണർത്തുന്നതിനായി ഇവിടെ ഞങ്ങൾ ശാസ്ത്രത്തിന്റെ അത്ഭുത ലോകത്തെ തുറക്കുന്നു.

# കഥകൾ



# ലഹരി



ഇന്നത്തെ സമൂഹത്തെ വഴിതെറ്റിക്കുന്ന പ്രധാന ഘടകങ്ങളിൽ ഒന്നാണ് ലഹരി പദാർത്ഥങ്ങൾ. മദ്യം, സിഗരറ്റ്, പാൻ ഉൽപ്പന്നങ്ങൾ, കഞ്ചാവ്തുടങ്ങു ഒരുപാട് കബോളങ്ങളിൽ സുലബമാണ്. ഇതിന് അടിമപ്പെടുന്നവരിൽ ഭൂരിഭാഗവും വിദ്യാർത്ഥികൾ. ലഹരി ഉൽപ്പന്നങ്ങളുടെ ഉപയോഗം മൂലം ശാരീരികമായി മാത്രമല്ല അപകടങ്ങൾ. ഇവ വാങ്ങാൻ ആയിട്ടുള്ള പണത്തിനു വേണ്ടി എന്തു തെറ്റായ വഴികളും സ്വീകരിക്കാൻ ഇവർ തയാറാണ്.ഇന്നത്തെ മാരകമായ ക്യാൻസർ പോലെയുള്ള അസുഖങ്ങൾ പരിശോധിക്കുമ്പോൾ ഇത് ബാധിച്ച രോഗികളിൽ ഭൂരിഭാഗവും ലഹരി പദാർത്ഥങ്ങളുടെ ഉപയോഗംമൂലമാണ് ഈ രോഗങ്ങൾക്കടിമകളായത്.

ഇന്നത്തെ സമുഹത്തിൽ ഇത്രയധികം വില കയറിയിട്ടും വില്പനയെ ബാധിക്കാത്ത ഒന്നാണ് മദ്യം. നമ്മുടെ കേന്ദ്രനാടിവ്യുഹത്തിനെ ബാധിക്കുന്ന പ്രധാനഘടകമാണ് മദ്യം. ഹൃദയസംബന്ധമായ രോഗങ്ങൾ മദ്യപാനത്തിലൂടെ ഉണ്ടാകുന്നു കരൾ രോഗങ്ങൾ,ക്യാൻസർ...എന്നിങ്ങനെ തുടങ്ങുന്നു മദ്യപാനത്തിൻ പരിണിത ഫലങ്ങൾ.ക്യാൻസർ, നാഡിരോഗങ്ങൾ, കരൾ രോഗങ്ങൾ ഇവയെല്ലാമാണ് പുകവലിയുടെ അപകടങ്ങൾ. മദ്യപാനവുമായി താരതമ്യം ചെയ്യുകയാണെങ്കിൾ, മദ്യപാനത്തേക്കാൾ അപകടമേറിയതാണ് പുകവലി.ഇതി ചുറ്റുപ്പാടും നിൽക്കുന്നവ ർക്കും ഭീഷണ വിതക്കുന്നുണ്ട്. ഇന്നത്തെ സമൂഹത്തിൽ ഏറിവരുന്ന മറ്റൊരു ദുശ്ശീലമാണ് പാൻ ഉൽപ്പന്നങ്ങളുടെ

ഉപയോഗം. ഒരു നേരത്തേ ആനന്ദത്തിനു വേണ്ടി മാത്രം, ഇതുമൂലം നശിക്കുന്നത് നമ്മുടെ ജീവിതമാണ്. ഇതു പോലെ വിലയേറിയതും ദുരന്തം വിതയ്ക്കുന്ന ഒന്നാണ് ണയക്കുമരുന്ന്, കഞ്ചാവ് എന്നിവ ഇവയെല്ലാം പ്രധാനമായി ബാധിക്കുന്നത് കേന്ദ്രനാഡീവ്യൂഹത്തെയാണ്. ഇവയുടെ ഉപയോഗം ഒരു മനുഷ്യനെ ശാരിരികമായും മാനസികമായും നശിപ്പിക്കുന്നു.

നല്ല ഒരു നാളെക്കുവേണ്ടി നമ്മുക്ക് ചെയ്യാവുന്ന ഏറ്റവും വലിയ ഒരു കടമയാണ്, ഇവ ഉപേക്ഷിക്കുന്നതും ഇവയ്ക്കെതിരെ പോരാടുന്നതും.

അഭിരാമി വി ജെ

IX A

## പൂഞ്ചോലയിലെ സൗന്ദര്യറാണി

പൂഞ്ചോല കാട്ടിലെ സൗന്ദര്യറാണിയായിരുന്നു അമ്മുത്തത. അഹങ്കാരിയായ അമ്മു അയൽവാസിയായ ചിന്നുകാക്കയെ ഇപ്പോഴും കളിയാക്കും. സഹജീവികളോട് തീരെ കരുണയില്ലാത്തവളായിരുന്നു അമ്മുത്തത.
ഒരു ദിവസം അമ്മുത്തതയുടെ ഉറ്റ ചങ്ങാതിയായ ചിമ്പൻകടുവ അവിടെയെത്തി. ചിമ്പാൻ ഒരു കല്പന പുറപ്പെടുവിച്ച.
"അമ്മുത്തതയെ എല്ലാവരും വിശിഷ്ട വിഭവങ്ങൾ കൊണ്ട് ത്രിപ്തിപെടുത്തണം. അവൾക്കു പാദസേവ ചെയ്യണം. ഇതനുസരിക്കാത്തവരെ ഞാൻ ഭക്ഷണമാകും. "
എല്ലാവരും ചിമ്പാൻ അനുസരിച്ചു. ചിമ്പാൻകൂടി എത്തിയതോടെ അമ്മുവിന് അഹങ്കാരം കൂടി.
നാളുകൾ കടന്നു പോയി. കടുത്ത പനി പിടിച്ചു ചിമ്പൻ കടുവ ചത്തുപോയി. വർത്തയറിഞ്ഞയുടൻ മൂങ്ങമുത്തശ്ശിയുടെ നേതൃത്വത്തിൽ യോഗം കൂടി സൗന്ദര്യറാണിയെ മാറ്റുവാൻ തീരുമാനിച്ചു. അമ്മുത്തത എതിർത്തെങ്കിലും മറ്റുള്ളവർ എല്ലാം അമ്മുത്തക്കെതിരെ ഒറ്റകെട്ടായി നിന്ന്
മൂങ്ങാമുത്തശ്ശി  ഒരു മത്സരം പ്രഖ്യാപിച്ചു "പൂഞ്ചോല കാടിന്റെ കിഴക്കുകൂടി ഒഴുകുന്ന കാട്ടരുവിക്ക് അപ്പുറം രണ്ടു മൺകുടങ്ങളുണ്ട് .അതിലൊരു കുടത്തിനുള്ളിൽ അത്ഭുതശക്തിയുള്ള ആ വെള്ളം കുടിക്കന്നവർക്കൊരു അത്ഭുത ശക്തി ലഭിക്കും .അവർ തിരിച്ചുവന്നു പൊന്നുമുയലിന്റെ കാലിൽ തൊട്ടാൽ കാലിന്റെ മുറിവ് സുഖമാകും .അങ്ങനെ പൊന്നുമുയലിനെ സുഖപ്പെടുത്തുന്നവളായിരിക്കും അടുത്ത സൗന്ദര്യറാണി . എല്ലാവരും മത്സരത്തിന് തയാറായി . അമ്മുത്തതായും ചിന്നുകാക്കയും ഒക്കെയുണ്ട്. എല്ലാവരും കുടത്തിനടുത്തെത്തി വെള്ളം കുടിക്കാൻ ശ്രമിച്ചു. പക്ഷെ വെള്ളം കുറവായതിനാലും കുടം വലുതായതിനാലും ആർക്കും വെള്ളം കുടിക്കാൻ സാധിക്കുന്നില്ല. എല്ലാവരും തോറ്റു പിന്മാറി. ഈ സമയത്താണ് ചിന്നുകാക്ക പറന്നെത്തിയത്. അതിസമർത്ഥയും ബുദ്ധിമതിയുമായ അവൾ അടുത്തിരുന്ന വെള്ളമില്ലാത്ത കുടം

ചുണ്ടുകൾ കൊണ്ട് കൊത്തിപ്പൊട്ടിച്ചു. പൊട്ടിയ കഷ്ണങ്ങൾ കൊത്തിയെടുത്തു വെള്ളമുള്ള കുടത്തിലേക്കിട്ടു. അപ്പോൾ വെള്ളം പൊങ്ങിവന്നു. അവൾ കുടത്തിന്റെ വക്കിലിരുന്നു വെള്ളം കുടിച്ചു. തിരിച്ചുവന്നു പൊന്നുവിന്റെ കാലിലെ മുറിവ് സുഖമാക്കി. മൂങ്ങാമുത്തശ്ശി ചിന്നു കാക്കയെ അടുത്ത സൗന്ദര്യറാണിയായി കിരീടം ധരിപ്പിച്ചു. അമ്മു തത്ത ഇളിഭ്യയായി പറന്നകന്നു.

**ഗോപിക ആർ**

IX A

# കവിതകൾ



# ഒരു ശാസ്ത്രജ്ഞനെ പോലെ ചിന്തിക്കുമ്പോൾ

എനിക് ഒരു ശാസ്ത്രജ്ഞനെ പോലെ ചിന്തിക്കണം

എന്ത് ,എങ്ങനെ ,എപ്പോൾ എന്ന് ചോദിക്കണം

എനിക്ക് ഒരുശാശ്ത്രജ്ഞനെ പോലെ ചിന്തിക്കണം

എനിക്ക് ഇ പ്രകൃതിയെ നോകി  കാണണം

എനിക് വ്യത്യസ്തമായി കണ്ടു പിടിക്കണം

എനിക്ക് ഇ ലോകത്തെ മാറ്റി മറിക്കണം

ഐൻസ്റ്റീനെയും,  ന്യൂട്ടനെയും ,

എഡിസനെയും പോലെ ചിന്തിക്കണം .

ഗൗരി ആർ കൃഷ്ണ
IX A

# പുഷ്പം

ഞാനൊരു പുഷ്പമായ് വിരിയും നേരം
കാറ്റായി നീ എന്നെ പുണരില്ലേ.....
എന്നിതൾ തഴുകി എൻകരം മുത്തമിട്ട്
എങ്ങോ മാഞ്ഞു നീ പോയില്ലേ....

തേൻകരും പൂമ്പാറ്റയെപോൽ
വർണ്ണമെഴും മഴവിൽ പോലെ നീ
എൻ മുഖം കാണാനായ് വരുകയില്ലേ.....
എൻ ഗന്ധമേൽക്കാൻ ഓടിയെത്തും കുരുന്നുകൾ

എന്നെ തലോടുന്ന നേരമെത്തും
യാചിച്ചിടും മൃദുല സ്വരത്തിൽ
എന്നെ നശിപ്പിപ്പാൻ മുതിരല്ലേ.....
ഞങ്ങളെന്നും പ്രകൃതി സ്വത്ത്.

ആലിയ ഫാത്തിമ
IX A

## അമ്മ

വാത്സല്യത്തിന്റെ വിശ്വവിധാന സമൃദ്ധിയും
സ്നേഹത്തിന്റെ നൂൽസ്പർശങ്ങൾ സ്വാധീകരിക്കുന്ന
മാതൃഹൃദയം തൻ അമ്മ

കൂട്ടില്ല സമയത് കൂട്ടായും നെഞ്ചോട് ചേർക്കാനും
സന്തോഷത്തിൽ ഒത്തു ചേരാനും
സമൃദ്ധി സൗന്ദര്യ ലക്ഷ്മിയാകുന്നു എപ്പോഴും തൻ അമ്മ
ആകാശം വിധാനംപ്പോലെ സ്നേഹത്തിന്റെ ഉജ്ജ്വല തീവ്ര
ഒത്തുചേർന്ന
ആനന്ദ വാക്കുകൾകൊണ്ട്  മൃദുല മൺമയറാണി തൻ അമ്മ

തേൻ പോലെ മാതൃത്വത്തിന്റെ രുചി
അറിഞ്ഞ മഴ പോലെ നന്നാക്കുന്ന സ്നേഹത്തിന്റെ
നിറസ്വരസാന്നിധ്യത്തെ ലോകമെമ്പാടും മുഴക്കുന്നു
ഭൂമിയാകുന്ന ദേവി തൻ അമ്മ
പഴുത്ത മാമ്പഴം പോലെ ഊഷ്മളത നിറഞ്ഞതും
അതിസൗന്ദര്യവും രുചിസ്വാധിന ആകർഷണീത  ഭംഗി പൂത്തു
വിടർന്ന പുഷ്പ്പിച് നിന്ന വാത്സല്യത്തിന്റെ
ആഴാകടൽ നീന്തി തളിർത്ത പൂപോലെ
വിരിഞ്ഞ് നില്കുന്നവൾ തൻ അമ്മ

സ്നേഹവും ഓമനത്തനവും, ഇഷ്ടവും വാത്സല്യവും
നിറഞ്ഞ തേൻ പോലെ മധുരവും ആകാശവും പോലെ
വിതാന ഹൃദ്യവുമുള്ള ആ വിശാലമനസ്കതക്ക്
ഉടമതൻ അമ്മ

അമ്മ എന്ന ആ വ്യക്തിയെ ഉപമിക്കാൻ കഴിവുള്ളോൻ
തൻ ദൈവം മാത്രം തൻ സ്വാധിയാം

ബിജിനി അന്നാ ബിജു
VIII A

# കാലത്തിന്റെ കലി

പ്രപഞ്ചവാതമം ഇളം കാറ്റേ ,
പ്രാണനിൽ കുളിരായി നീ .......
കുളിരായി വന്നു നീ എൻ അന്തരത്തിൽ
പുലരിതൻ പുലരിതൻ പരിമളം തന്നിരുന്നു.......

തെന്നലായ് വന്നു നീ ....
മലരൊളിയായ് നിന്നു നീ ...
എന്നെത്തഴുകി കടന്നിടുമ്പോൾ
ഉത്സാഹമോടെ ഞാൻ നിന്നിരുന്നു ....

ഇന്നിതാ നീയെന്നിൽ വന്നിടുന്നു ...
രൗദ്രഭാവത്തോടെ വീശിടുന്നു
നിന്റെ സംഹാരതാണ്ഡവത്തിൻ
ആകെയുലഞ്ഞു ധരിത്രി .....

കുട്ടിനായ് വന്നൊരുകാർ കൊണ്ടൽ,
കൂടെത്തകർന്നു ഗോപുരങ്ങൾ
ഞെട്ടി വിറച്ച മാനവർ
പ്രാണനും  കൊണ്ടോടി ........

ഓരോരോ നാളിൽ ....
മാറുന്ന പെരുമയായി ....
നീ വന്നു ചേരുമ്പോൾ നിർഭയം നിൻ മാറിൽ
ചാഞ്ഞുറങ്ങാൻ എന്ന് എനിക്കാവുകമൻ................

അനാമിക  സി എസ്
VIII A

## പനിനീർപുഷ്പം

വിടർന്നു നിൽക്കുമീ പൂന്തോട്ടമാരിവില്ലിൽ
തളിർത്തു നിൽക്കുമെൻ പനിനീർപുഷ്പം
ഹാ! നീ എത്ര സുന്ദരം...... നിന്നെ
നോക്കുന്നമാത്രയിൽ എൻ കൺകളിൽ
വിരിയുന്നു ഒരത്യപൂർവ്വാനന്ദം
കാരണമെന്തെന്നറിയാതെ നിന്നെ-
യോർത്തു കേഴുന്നു ഞാനീ നിമിഷം തന്നിൽ
എന്തിനോ ഏതിനോ നാമിരുവരും
ഒന്നാണ്;നമ്മൾ ഒന്നാണ്
നിന്നേയോർത്ത് വിലാപിക്കുന്നു എൻ
വേദനയുടെ കാരണം എന്തെന്ന്
അവസാനമെൻ മനമറിഞ്ഞു
മിഴിനീർത്തുള്ളികൾ വീണടയുന്നു
നിൻ ഇതളുകൾ ഒരു ദിനം മാത്രം-
മായി ശേഷിക്കുന്നപോലെ
എൻ ആയുസ്സുമീഭൂമിയിൽ
ശേഷിക്കുന്നു ഒരു കുമിള ഉടയും
നേരത്തേക്കു മാത്രമായി....

ശാലിമ കബീർ

IX A

# പ്രളയം

മാരി പെയ്യുമ്പോൾ നനഞ്ഞു കാലിളിടാൻ
ഞാനും അനിയനും മുറ്റത്തണഞ്ഞല്ലോ
മാരി പെയ്യുന്ന മോദം ചുരത്തി,
മേലും കാലും ഒരുപോൽ നനയുന്നു
കുത്തൊഴുകി പാഞ്ഞു വന്നെത്തി
മാരി അന്നൊരു രൗദ്രമാം രൂപത്തിൽ
മാനം പോലും മറന്നോടി ഞങ്ങൾ
മേനി ചമയാതെ ജീവനും തേടി
പണ്ടൊരിക്കലും പുഞ്ചിരിച്ചിട്ടില്ലാത്ത
സോദരോടൊത്തു ഒരുമിച്ചു കഴിയുന്നു
പങ്കുവെച്ചും പരോപകാരമായി
ചേർന്നു വാഴാൻ നാം പഠിച്ചിടുന്നു .

സൽമ സുഹറ ഇസഡ്

IX E

# പുഴ

ഞാനൊരു പുഴയായിരുന്നു

പണ്ടു പണ്ട്
കുന്നിൻ മുകളിൽനിന്നും
പുതുവഴി തേടി വന്നപുഴ
കല്ലിനേയും മുളളിനേയും
തലോടി ഞാൻ ഒഴുകി
പൗർണ്ണമിയിൽ ചന്ദ്രൻ
എന്നിൽ മുഖം നോക്കി
മനുഷ്യനു ഞാൻ
ദാഹശമനമായി
മരുഭൂമികളെ ഞാൻ
പൂങ്കാവനമാക്കി
കുഞ്ഞുങ്ങൾക്ക് ഞാൻ
കളികൂട്ടുകാരനായി
എന്നെ യാശ്രയിച്ച
നൗകകളെ ഞാൻ
ലക്ഷ്യ സ്ഥാനത്തെത്തിച്ചു
എന്നെ പ്രൺയിച്ച കമിതാക്കളെയും
ഞാനിന്നുമൊരു പുഴയാണ്
മനുഷ്യൻെറ പൊക്കിൾക്കൊടി മുറിച്ചുമാറ്റി
ഞാൻ പാലൂട്ടിയവർ തന്നെ
എൻെറ വേരറുത്തു
കണ്ണിൽ ശേഖരിച്ച് പുഴയായ് ഒഴുകിക്കൊണ്ടിരിക്കുന്നു

ഫിദ ദിലീപ് IX A


# മലാല എന്ന മാലാഖ

വെടിയുണ്ടകൾക്കാവില്ല നിന്നിൽ
നിന്നുണർന്നൊരു ഉജ്വല ജ്വലയെയാണയ്ക്കാൻ
അറിവിന്റെ ഉടവാളുമേന്തി നീ വന്നു-
ഈ ലോകം നിനക്കൊരു വേദിയായി
തൂലികതുമ്പത്തുണർന്നൊരു ദീപമേ
തീവ്രമാം നിന്നുടെ ചിന്തയെ ഉറക്കുവാൻ
തീവ്രവാദികൾക്കായില്ല ,അവർ തോറ്റുപോയി
"പാക് ഇസ് സ്ഥാൻ "ഇതിനർത്ഥം പകർന്നു നീ
അറിവെന്ന പുണ്യം അവർക്കു നൽകി
രാഷ്ട്രങ്ങൾ ഐക്യമായ നിന്നെ വണങ്ങുമ്പോൾ
പുസ്തകം കൊതിച്ചുകൊണ്ടായിരങ്ങൾ
തട്ടത്തിൻ മറവിൽ ഒളിപ്പിച്ച
ഉണരട്ടെ ഒരായിരം മലാലമാർ -
ഉയരട്ടെ ലോകത്തിലെങ്ങും
നിൻ പ്രതിദ്വനിയായി ....!

അന്ന സോണ

*IX A*

# സൗഹ്രദം



മയിൽപീലി  തൂവല്പോലെ
മനസ്സിൽ തിളങ്ങുമൊരു
മധുര  സ്പർശമാണെന്ന്
സൗഹൃദം
ഓർമയുടെ പാതയിൽ
ഓടിക്കളിക്കുമൊരു
ഓമന പൂവാണെന്ന് സൗഹൃദം
പുൽക്കൊടിത്തുമ്പിലെ
തൂമഞ്ഞു
തുള്ളിപ്പോൽ
തുള്ളിക്കളിക്കുന്നോരെൻ
സൗഹൃദം
ആടിയുലയുമോ ....പൂക്കുല ചേണ്ടിനെ
പൂവിതൾ പോലെയാണെന്ന് സൗഹൃദം

സുൽഫ
***<u>IX A</u>***

# സുഹൃത്ത്

കണ്ണീരിലൂടെ ചിരിക്കുവാനും

ദുഃഖം മറന്നൊന്നു പാടുവാനും

പഠിപ്പിച്ചൊരെൻ കൂട്ടുകാരി

എനില്ലുള്ളിൽ എത്രമേലാഴത്തിലാണ്

നീയെന്നോ?

അത്ര ദൂരത്തേക്കകന്നീടിലും

ഒട്ടും മറക്കുവാനാവില്ല നിന്നെ

എത്രയോവട്ടം പറഞ്ഞ കഥകളിൽ

ഒന്നും പറയാതറിഞ്ഞ കിനാകളിൽ

നിന്റെ  സ്നേഹാർദ്രഭാവം ചൊരിഞ്ഞു തന്നു

പച്ച മഷി തണ്ട് കൈമാറി , തമ്മിൽ

തുടങ്ങിയ സുഹൃത് ബന്ധം

ഓര്മചിരാതിലെ താളമായി ,

ജീവിതം നമ്മെ പിടിച്ചകറ്റീടിലും

ഓർമ്മകൾ നമ്മെ അടുപ്പിച്ചു നിർത്തീടും

ഫർഹാന കെ

IX A

# ലേഖനങ്ങൾ



# മുടിയേറ്റ്മാക്രിക്കുട്ടനും മുതലച്ചാരും




ഒരു തടാകത്തിൽ കുറെ മീനുകളും തവളകളും പാർത്തിരുന്നു.ഒരുവാളമീനായിരുന്നു അവിടുത്തെ രാജാവ്.ഒരിക്കൽ ഒരു കുറ്റൻ മുതല ആ തടാകത്തിൽ എത്തിച്ചേർന്നു.അവൻ ക്രൂരനും തെമ്മാടിയും ആയിരുന്നു.
പാവപ്പെട്ട മീനുകലളെയും തവളകളെയും അവൻ വെട്ടിവിഴുങ്ങാൻ തുടങ്ങി.ജീവനെ പേടിച്ചു പലരും പുറത്തിറങ്ങാൻ പോലും മടിച്ചു.മുതലയെ വകവരുത്തിയില്ലേൽ തൻെറ രാജ്യം
മുടിയുമെന്ന് രാജാവിന് ബോധ്യമായി.അദ്ദേഹം അന്നുതന്നെ പ്രജകളെയെല്ലാം തൻെറ
കൊട്ടാരത്തിൽ വിളിച്ചുകൂട്ടി.തടാകത്തിലെ സർവ്വമീനുകളും അവിടെ സമ്മേളിച്ചു.
അപ്പോഴാണ് ഒരു മാക്രിക്കുട്ടൻ ചാടിച്ചാടി മുന്നോട്ടു വന്നത്.അവൻ രാജാവിനോടു പറഞ്ഞു.
“തിരുമേനി,ആ ദുഷ്ടനെ കൊല്ലാൻ അടിയൻ തയ്യാറാണ്.”
ഇതു കേട്ട് എല്ലാവരും മാക്രിക്കുട്ടനെ നോക്കി കളിയാക്കിച്ചിരിച്ചു.
“മാക്രിക്കുട്ടാ,നിൻെ ധൈര്യം നല്ലതു തന്നെ.പക്ഷെ നിസ്സാരനായ നീ എങ്ങനെ
ഒറ്റക്ക് നേരിടും? ” രാജാവ് ചോദിച്ചു.“ഞാൻ എൻെ കൊച്ചു ബുദ്ധികൊണ്ട് അവനെ നേരിടും.
അങ്ങ് അനുവദിച്ചാൽ മാത്രം മതി.” മാക്രിക്കുട്ടൻ കൈകൂപ്പി നിന്നു.രാജാവ് അവനെ അനുഗ്രഹിച്ചു.അതോടെയോഗം പിരിയുകയും ചെയ്തു.മാക്രിക്കുട്ടൻ ചാടിച്ചാടി കരയിലേക്കു കയറിപ്പോയി.അങ്ങ് അകലെ  പാടവരമ്പത്തേക്കാണ് അവൻ പോയത്.അവിടെ
പന്നികളെ ഓടിക്കാൻ കൃഷിക്കാർ പന്നിപ്പടക്കം വയ്ക്കുന്നത്  അവൻ നേരത്തേ കണ്ടുമനസ്സിലാക്കിയിരുന്നു.ആരും കാണാതെ ഒരു പന്നിപ്പടക്കം തട്ടിയെടുത്തുകൊണ്ടവൻ
തടാകത്തിലേക്ക്  തിരിച്ചുപോന്നു.മുതല പുറത്തിറങ്ങിയ തക്കം നോക്കി മാക്രിക്കുട്ടൻ
പന്നിപ്പടക്കം അവൻെറ മുന്നിലേക്ക് എറിഞ്ഞു.എന്തോ പഴമാണെന്നു വിചാരിച്ച് മുതല വായ

തുറന്ന് പന്നിപ്പടക്കം ഒന്നു കടിച്ചു.പെട്ടെന്നു പടക്കം 'ഠോ'എന്നു പൊട്ടിത്തെറിച്ചു. വായ് മുഴുവൻ വെന്തുപോയ മുതല വെള്ളത്തിൽ തലതല്ലി മറിഞ്ഞു.അൽപനിമിഷം കൊണ്ട് അവൻെറ കഥ കഴിഞ്ഞു. ദുഷ്ടൻ മുതലയെ വകവരുത്തിയ മാക്രിക്കുട്ടനെ എല്ലാവരും പ്രശംസിച്ചു.....

സെൽന.എച്ച്
**IX B**

# മയിലാട്ടം

**കേരളത്തിലെ സുബ്രഹ്മണ്യ ക്ഷേത്രങ്ങളിൽ നടത്തുന്ന ആചാരപരമായ കലാരൂപമാണ് മയിലാട്ടം. മയിലിന്റെ വേഷം അണിഞ്ഞുകൊണ്ടുള്ള നൃത്തമാണ് ഇത്.മുഖത്തു തേപ്പും കിരീടവും കൊക്കും പീലിയും വേഷവിധാനത്തിൽ ഉണ്ട്. പാളകൊണ്ടുള്ള കിരീടമാണ് നൃത്തകൻ ഉപയോഗിക്കുന്നത്.**



# മുടിയേറ്റ്

തെക്കൻകേരളത്തിലുംകൊച്ചിയിലുംമധ്യകേരളത്തിൽഅപൂർവ്വമായുംനടന്നുവരുന്ന ഭദ്രകാളീപ്രീണനത്തിനായുള്ള അനുഷ്ഠാനകല. ’മുടിയെടുപ്പ്” എന്നും പറയാറുണ്ട്. കാളിയുടെ ഭീകരമുഖം, ജഡാഭാരം എന്നിവ മരംകൊണ്ടോ ലോഹംകൊണ്ടോഉണ്ടാക്കുന്നതാണ്”മുടി.’ആതിരുമുടിതലയിലണിഞ്ഞാണ്കാളിആടുന്നത്.കാളീസേവയുടെ ഭാഗമായി നടത്തുന്ന അനുഷ്ഠാനമാണ് മുടിയേറ്റ്. ഭദ്രകാളിയും ദാരികനും തമ്മിലുള്ള യുദ്ധമാണ് മുടിയേറ്റ് പ്രമേയം. വൈവിധ്യമാർന്ന ചടങ്ങുകളുള്ള അനുഷ്ഠാനമാണിത്. കളമെഴുത്ത്, പ്രതിഷ്ഠ, പൂജ, താലപ്പൊലി, തിരിയുഴിച്ചൽ, കളംമായ്ക്കൽ എന്നിവയാണ് പ്രാരംഭ ചടങ്ങുകൾ. തുടർന്ന് കഥകളിയിലേത് പോലെവേഷങ്ങൾരംഗത്ത്വന്നുള്ളപ്രകടനംനടക്കും.
തിരുവിതാംകൂറിലും കൊച്ചി പ്രദേശത്തുമുള്ള ഭദ്രകാളി ക്ഷേത്രങ്ങളിലാണ് മുടിയേറ്റ്നടത്തുന്നത്. തിരുവിതാംകൂർ പ്രദേശത്ത് കുറുപ്പന്മാരും കൊച്ചി ഭാഗത്ത് മാരാാരുമാണ് മുടിയേറ്റ് അവതരിപ്പിക്കുന്നത്. ഇരുവരുടെയും രീതികളിൽ നേരിയ വ്യത്യാസം പ്രകടമാണ്. വീക്കു ചെണ്ട, ഉരുട്ടു ചെണ്ട, ഇലത്താളം, ചേങ്ങില എന്നിവയാണ് വാദ്യങ്ങൾ.ക്ഷേത്രത്തിൽ നിന്നു ഭദ്രകാളിവേഷക്കാരൻ മുടി ധരിക്കും.
വരിക്കപ്ലാവിന്റെ കാതൽ വൃത്താകൃതിയിൽ മുറിച്ചെടുത്ത് അതിൽ സിംഹഗജകുണ്ഡലങ്ങൾ, നാഗപ്പത്തികൾ എന്നിവ കൊത്തി ചുവന്നപട്ട്, പീലി, മുത്ത് എന്നിവ കൊണ്ടലങ്കരിക്കും.



# ഒന്നല്ല,നൂറ്



ശൈത്യരാജ്യങ്ങളിൽ വളരുന്ന ഒരു ചുവന്ന പഴമാണ് ചെറി .ജോണിന്റെ തോട്ടത്തിൽ ധാരാളം പഴങ്ങൾ കായ്ക്കുന്ന ഒരു മരമുണ്ടായിരുന്നു.സാമും സൂസനും ജോണിന്റെ മക്കളാണ് .തോട്ടത്തിൽ എല്ലാ ഫലവൃക്ഷങ്ങളിൽ നിന്നും ഫലങ്ങൾ പറിച്ചു തിന്നാൻ അനുവാദമുണ്ടായിരുന്നു,ചെറി ഒഴിച്ച്.ഒരിക്കൽ അവർ വിശാലമായ തോട്ടത്തിൽ കളിക്കുകയായിരുന്നു.ചുവന്നു തുടുത്ത ചെറി പഴങ്ങൾ അടുത്തുള്ള മരത്തിൽ വിളഞ്ഞു നില്കുന്നത് സാം കണ്ടു.അതിലൊന്ന് പറിച്ചുതിന്നാൻ സാമിന് വല്യ ആശ ,"ഡാഡി ശിക്ഷിക്കും ".സൂസൻ ഓർമ്മിപ്പിച്ചു."നമുക്കൊരെണ്ണം പറിച്ചാൽ മതി,അതിനു ഡാഡിക്ക്  എതിർപ്പ് കാണില്ല".സാം പറഞ്ഞു.അവൻ പെട്ടെന്ന് മരത്തിൽ ചാടിക്കയറി .രണ്ടു പഴങ്ങൾ പറിച്ചു.ഒരെണ്ണം സൂസന് നീട്ടി.ഒന്നവൻ തിന്നു.അവയുടെ രുചി കൂടുതൽ തിന്നാൻ അവരെ പ്രേരിപ്പിച്ചു.സൂസനും മരത്തിൽ കയറി.ഒന്നല്ല ,നൂറെണ്ണം പറിച്ചു.പെട്ടെന്ന് ശാഖയൊടിഞ്ഞു രണ്ടുപേരും നിലംപതിച്ചു .സാമിന്റെ വലതുകാൽ ഒടിഞ്ഞു.സൂസന്റെ തലയിൽ ആഴമുള്ള മുറിവുകളുണ്ടായി.നോക്കൂ,അനുസരണക്കേടിന്റെ ഫലം .

ഹലീമ ജെ
IX B

## ഒ . എൻ . വി . കുറുപ്പ്



1931 മെയ് 27-ന് കൊല്ലത്ത്
ചവറയിൽ ജനിച്ചു.
കവിയും അദ്ധ്യാപകനും.
കലാമണ്ഡലം
അദ്ധ്യക്ഷനായിരുന്നു.
വിദ്യാർത്ഥിയായിരിക്കു-
മ്പോൾ തന്നെ കവിതാരചനയാരംഭിച്ചു.
1949-ൽ,പൊരുതുന്ന സൗന്ദര്യം,എന്ന ആദ്യ-
കവിതാസമാഹാരം പുറത്തിറക്കി. ഞാൻ നിന്നെ
സ്നേഹിക്കുന്നു, മാറ്റുവിൻ ചട്ടങ്ങളെ, ദാഹിക്കുന്ന
പാനപാത്രം, (കേരള സാഹിത്യ അക്കാദമി
അവാർഡ്)
ഉപ്പ് (വയലാർ അവാർഡ്) അക്ഷരം
(കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്)
ഉജ്ജയിനി,
ഇവ പ്രധാന കൃതികൾ. 1998-ൽ പത്മശ്രീ
ലഭിച്ചു. ഗാനരചനയ്ക്ക് 12 തവണ കേരള സ്റ്റേറ്റ്
ഫിലിം അവാർഡും ഒരു തവണ ദേശീയ
അവാർഡും നേടി.

ഹലീമ ജെ
IX B

# ഓട്ടൻതുള്ളൽ

കേരളീയ കലകളിൽ എക്കാലവും വളരെയേറെ പ്രാധാന്യം കല്പിക്കപ്പെട്ടിട്ടുള്ള ഒന്നാണ് തുള്ളൽ. നമ്മുടെ പരമ്പരാഗത നാടൻ കലകളിൽ നിന്ന് പലതും കടം കൊണ്ട് പതിനെട്ടാം നൂറ്റാണ്ടിൽ കുഞ്ചൻ നമ്പ്യാർ ആവിഷ്ക്കരിച്ച ഒരു ക്ഷേത്രകലയാണ് ശീതങ്കൻ, പറയൻ, ഓട്ടൻ എന്നീ വിഭജനങ്ങളോടു കൂടിയ തുള്ളൽ. ഇവ ഓരോന്നിനും പ്രത്യേകമായ ചിട്ടകളും വേഷവിധാനങ്ങളും കല്പിച്ചിട്ടുണ്ട്. ഇതിൽ ഓട്ടൻ തുള്ളലിനാണ് ഏറെ പ്രാധാന്യം കൈവന്നത്. എന്നാൽ വിഭജനങ്ങൾ നിലനില്ക്കെതന്നെ ഓട്ടൻ തുള്ളൽ എന്ന ഒരുസവിശേഷണത്താലാണ്ഈകലഅറിയപ്പെടുന്നത്.

തകഴിയിലും പരിസരങ്ങളിലും പ്രചാരത്തിലുള്ള അനുഷ്ഠാന കലയായ പടയണിയിൽ ഊരാളി തുള്ളൽ, കോലം തുള്ളൽ, പൂപ്പട തുള്ളൽ എന്നിങ്ങനെയുള്ള നൃത്ത രീതികളുണ്ട്. ശീതങ്കൻ, പറയൻ, ഓട്ടൻ എന്ന പേരുകൾ പടയണിയിൽ നിന്ന് എടുത്തിട്ടുള്ളതാണ്. തുള്ളൽ എന്നാൽനൃത്തമെന്നർത്ഥം.

ഇപ്പോൾ എല്ലാം സമുദായക്കാരും ഓട്ടൻതുള്ളൽ അവതരിപ്പിക്കുന്നുണ്ടെങ്കിലും നമ്പ്യാർ സമുദായത്തിന്റെ പാരമ്പര്യ കല എന്ന നിലയ്ക്കാണ് ഇതു വളർച്ച പ്രാപിച്ചത്. കലാകാരന്മാർക്ക് മെയ് വഴക്കം നേടുവാൻ കളരിയഭ്യാസം അനുപേക്ഷണീയമായി കരുതപ്പെട്ടിരുന്നു. എന്നാൽ മെയ് സാധകത്തോടൊപ്പം ചുവടു സാധകം, മുദ്രാസാധകം, മുഖാംഗ സാധകം, ചൊല്ലിയാട്ടം എന്നിവയിലും ശിക്ഷണം ലഭിച്ചിരിക്കണം. ഒരു ദൃശ്യകല രൂപമെന്നതിലുപരി സാഹിത്യത്തിലൂടെയുള്ള പരിഹാസവർഷത്തിനും കുറിക്കു കൊള്ളുന്ന നർമ്മോക്തികൾക്കും തുള്ളലിൽ പ്രാധാന്യമുള്ളതിനാൽ തുള്ളൽ സാഹിത്യത്തിലും സംഗീതത്തിലും കലാകാരന്മാർക്കു പ്രാവീണ്യം ഉണ്ടായിരിക്കേണ്ടതുണ്ട്.



## വിദ്യാലയ വാർത്തകൾ

# ജൂൺ വാർത്തകൾ

## പരിസ്ഥിതി ദിനം

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികളും കുട്ടികളും ഒരുമിച്ച് വൃക്ഷ തൈകൾ നട്ടു . വൃക്ഷ തൈകൾ ഒരോരുത്തർക്കും വിതരണം ചെയ്തു. പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യഗതയെ പറ്റിയുള്ള ഒരു അവബോധന ക്ലാസ്സ് ബഹുമാനപ്പെട്ട സ്ക്രൂൾ പ്രധാനാദ്ധ്യാപിക സിസ്റ്റർ മേഴ്സി തോമസ് കുട്ടികൾക്കായി പകർന്നു നൽകി. പ്രകൃതിയുടെ ചാരുതയും ഗുണങ്ങളും വിളിച്ചോതുന്ന സിസറ്ററിന്റെ വാക്കുകൾ കുരുന്നു മനസ്സുകളിൽ പുത്തനുണർവ് നൽകി.

## വായന ദിനം

പി എൻ പണിക്കർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു . ഒരാഴ്ച്ചയോളം വായന മത്സരങ്ങൾ നീണ്ടുനിന്നു . വായനകുറിപ്പുകളും , ആസ്വാദനകുറിപ്പികളും സ്ക്രൂളിലെ എല്ലാ കുട്ടികളും തയ്യാറാക്കി .അതിമനോഹരമായ കുട്ടികളുടെ പ്രവർത്തനങ്ങൾ ക്ലാസ്സുകളിൽ പ്രദർശിപ്പിക്കുകയുമുണ്ടായി.

# ജൂലൈ വാർത്തകൾ

## നേതൃത്വത്തിന് ഒരു പുതിയ തുടക്കം

2019 ജോസഫൈൻ അദ്ധ്യയന വർഷത്തിലെ സ്ക്രൂൾ ലീഡറിനേയും മറ്റ് ഭാരവാഹികളേയും വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ജൂലൈ 5 ന് തിരഞ്ഞെടുത്തു.പത്താം ക്ലാസ്സിൽ നിന്നും സ്ക്രൂൾ ലീഡേഴ്സും, ഒൻപതാം ക്ലാസ്സിൽ നിന്നും മറ്റ് ലീഡേഴ്സും ,ഏഴാം ക്ലാസ്സിൽ നിന്നും യു.പി ലീഡേഴ്സും സ്ഥാനം വഹിച്ചു. അന്നേദിവസം ബഹുമാനപ്പെട്ട സ്ക്രൂൾ പ്രധാനാദ്ധ്യാപിക സിസ്റ്റർ മേഴ്സി തോമസ് വിജയികൾക്ക് ആശംസകൾ നേർന്നു.

## സ്വപ്ന സാക്ഷാത്കാരമായ സ്കൂൾ ഓഡിറ്റോറിയം ഉദ്ഘടനം

നാല് വർഷം കൊണ്ട് നവീകരണം പുഴ്ത്തിയാക്കിയ സ്ക്രൂൾ ഓഡിറ്റോറിയത്തിന്റെ ഉദ്ഘടന കർമ്മം ബഹുമാനപെട്ട : ധനകാര്യ-കയർ വകുപ്പ് മന്ത്രി ഡോ . തോമസ് ഐസക് നിർവഹിച്ചു . തുടർന്ന് 2017 -18 ,18 -19

അധ്യയന വര്ഷങ്ങളിലെ S .S .L .C ജേതാക്കൾക്കുള്ള പുരസ്കാരങ്ങളും വിതരണം ചെയ്തു .

പൊതു വിദ്യാഭ്യാസ രംഗത്തെ പ്രമുഖർ സ്കൂൾ സന്ദർശനം നടത്തി .

പൊതു വിദ്യാഭ്യാസ ഡയറക്ടർ ഡോ . ജീവൻ ബാബു I . A .S  ന്റെ  നേതൃത്വത്തിലുള്ള സംഘം സ്കൂളിൽ ഔദ്യോഗിക സന്ദർശനം നടത്തി . ക്ലാസ് മുറികളും , ലാബുകളും , ലൈബ്രറികളും സന്ദർശിച്ചു. കുട്ടികളുമായി സംവദിച്ച അവർ ,സ്കൂൾ മികച്ച നിലവാരം പുലർത്തുന്നതായി  രേഖപ്പെടുത്തി .

## മറ്റു വാർത്തകൾ ഒറ്റ നോട്ടത്തിൽ

U P ക്ലാസുകളിൽ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി എല്ലാ U P അധ്യാപകർക്കും സമഗ്രയിൽ അക്കൗണ്ട് ആരംഭിച്ചു.

ജീവകാരുണ്യ പ്രവർത്തനങ്ങൾക് മാതൃകയായി  'കുട്ടിയൂണ് ' പദ്ധതി പുരോഗമിക്കുന്നു .

സ്കൂളിൽ'ജനയുഗം' പത്രത്തിന്റെ  വിതരണോദ്ഘാടനം D . Y .S. P ബേബി സാർ നിർവഹിച്ചു.

# ഓഗസ്റ്റ് വാർത്തകൾ

# പ്രളയത്തിനൊരു താങ്ങായ് പുതുതലമുറ

ആളുകൾക്ക് നിരവധി സാധനങ്ങൾ സംഭാവനയായ നൽകി . അവര്ക് അടുക്കളയിലേക് ആവശ്യമായ സാധനങ്ങൾ നല്കുകയാണ് ചെയ്തു . പത്രങ്ങൾ, ഗ്ലാസ്സുകൾ ,പലചരക്കു സാധനങ്ങൾ എന്നിവ നൽകുകയും ചെയ്തു

പരീക്ഷയുടെ നാളുകളിലേക് : 2019 -20 അധ്യയന വർഷത്തിലെ ഒന്നാം പാദവാർഷിക പരീക്ഷ 26 -8 - 2019 ൽ ആരംഭിക്കുകയുണ്ടായി . വിദ്യാർത്ഥികളുടെ രണ്ടു മാസത്തെ പഠന നിലവാരത്തെ അടിസ്ഥാനമാക്കിയായിരുന്നു പരീക്ഷ നടത്തിയത് . 5 മുതൽ 10 വരെയുള്ള ക്ലാസ്സിലെ കുട്ടികളിലെ മാധുര്യമുയരുന്ന നിലവാരം തെളിയിച്ചു

ഓണത്തെ വരവേറ്റു st ജോസഫ് : ഓണത്തെ വരവേറ്റു വിവിധ മത്സരങ്ങൾ നടന്നു . ഉറിയടി , വടംവലി, ഓണപ്പാട്ട് എന്നി മത്സരങ്ങൾ രസകരമായ രീതിയിൽ നടത്തി നാലു ഗ്രൂപ്പുകളായി മത്സരങ്ങൾ നടത്തിയത് അതി മികച്ച സ്കോർ നേടി റൂബി സ്ക്വാഡ് ജേതാക്കളായി സ്കൂൾ P T A അംഗങ്ങളും ചെയർമാൻ തുടങ്ങിയവരും ഈ ഓണാഘോഷ പരുപാടിയിൽ പങ്കെടുത്തു .

# സെപ്റ്റംബർ വാർത്തകൾ

## അധ്യാപക ദിന ആഘോഷം

സെപ്റ്റംബർ 5 ന് സ്കൂൾ ആഡിറ്റോറിയത്തിൽ വച്ച് അധ്യാപകദിനത്തിൽ അധ്യാപകരെ ആദരിച്ചു.അധ്യാപകദിനത്തിൽ സ്കൂൾ പ്ർലമെൻറ്റിൻെറ്റ നേതൃത്വത്തിൽ അധ്യാപകർക്ക് സ്റ്റേജിൽ വച്ച് കുട്ടികൾ സമ്മാനങ്ങൾ നൽകി. അധ്യാപകരുടെ ചിത്രങ്ങൾ ഉപയോഗിച്ച് വീഡിയോ നിർമ്മിച്ച്  പ്രദർശിപ്പിച്ചു. പ്രാർഥനാഗാനത്തിനു ശേഷം പരിപാടി ആരംഭിച്ചു.

## ഊർജ്ജസംരക്ഷണം:LED നിർമ്മാണം

അടുത്ത തലമുറയ്ക്കു വേണ്ടിയുള്ള ഊർജ്ജത്തിന്റെ ഉറവിട സംരക്ഷണത്തിനായി LED ബൾബ് നിർമ്മാണത്തിൽ വിദ്യാർഥികൾ പങ്കാളികളായി. പുറത്തുനിന്ന് പരിശീലകനെ കൊണ്ടുവന്ന് ആണ് കുട്ടികൾക്ക് പരിശീലനം നൽകിയത്. ഇതിനായിട്ട് മുൻ കൈയ്യെടുത്തത് സയൻസ് അധ്യാപികയായ സോജ മിസ്സാണ്. വിദ്യാർഥിയായിരിക്കുമ്പോൾ തന്നെ ചില

കൈത്തൊഴിലുകൾ പഠിച്ചാൽ അവരുടെ ഭാവി ജീവിതത്തിന് അത് ഗുണകരമാവും എന്ന് മുൻകൂട്ടി കരുതിക്കൊണ്ടാണ് പ്രഥമ അധ്യാപിക സിസ്റ്റർ മേഴ്സി വിദ്യാർഥികൾക്കായി ഈ അവസരം ഒരുക്കിയത്..

## കുട്ടികളുടെ പഠനനിലവാരം- അറിയുന്നതിനായുള്ള ഒത്തുചേരൽ

20-ാം തിയതി ഉച്ചയ്ക്ക് 1.30 മുതൽ വൈകിട്ട് 4.00 മണിവരെ ഓപ്പൺ ഡേയ് നടത്തി. കുട്ടികളുടെ പഠനനിലവാരത്തെ കുറിച്ചും അവരുടെ ക്ലാസിലെ പെരുമാറ്റം എങ്ങനെയാണെന്നും ഒക്കെ അധ്യാപകർ മാതാപിതാക്കളെ അറിയിച്ചു..

## ഫീസ്റ്റ് ആഘോഷിച്ച് സെന്റ്- ജോസഫസ്...

15,16 എന്നീ ദിനങ്ങളിൽ ഫീസ്റ്റ് ദിനത്തോടനുബന്ധിച്ച്സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് കനോൻഷ്യൻ സിസ്റ്റേഴ്സിനെ ആദരിച്ചു .സിസ്റ്റേഴ്സിനു മെഴുകതിരികൾ സമ്മാനിച്ചു, ഇതിനോടനുബന്ധിച്ചു സ്കൂൾ കുട്ടികൾക്ക് മിട്ടായികൾ വിതരണം ചെയ്തു .

അധ്യാപകർക്ക് വിഭവസമൃദ്ധമായ ഭക്ഷണം നൽകി .
വളരെ ഗംഭീരമായി തന്നെ ഫീസ്റ് ആഘോഷിച്ചു.

# രാഷ്ട്ര ഭാഷക്കൊരു ദിനം

16 മുതൽ 20 വരെയുള്ള ദിവസങ്ങളിൽ ഹിന്ദി വാരമായി ആഘോഷിച്ചു . വിവിധ തരം മത്സരങ്ങളിലൂന്നിയ ഒരു വാരം ആയിരുന്നു കടന്നുപോയത് . വ്യക്തിഗതമായിട്ടും ക്ലാസ് അടിസ്ഥാനമായിട്ടും നിരവധി മത്സരങ്ങൾ നടന്നിരുന്നു . വളരെ ആഘോഷകരമായ ദിവസങ്ങൾ ആയിരുന്നു അത്.

# ഒക്ടോബർ വാർത്തകൾ

# ഗാന്ധി സ്മരണയുടെ സെന്റ് ജോസഫ്സ്

നമ്മുടെ രാഷ്ട്ര പിതാവാണ് ഗാന്ധിജി . സ്വന്തം ജീവിതം തന്നെ സന്ദേശമായി കാണിച്ചു തന്ന മഹാത്മാവ് . ഗാന്ധി സ്മരണയുമായി സെന്റ് ജോസഫ് . ഓരോ ക്ലാസ് മുറികളും ഗാന്ധിയൻ ആശയങ്ങളാൽ കാവിഞ്ഞു ഗാന്ധജിയെ സംബന്ധിച്ചിട്ടുള്ള ക്വിസ്സ് , പ്രസംഗം, ഉപന്യാസം തുടങ്ങിയ മത്സരങ്ങളും നടത്തുകയുണ്ടായി . ഒന്നിനൊന്നു ആവേശത്തോടെ എവരും  പങ്കെടുത്തു .

# വിവരവിനിമയ സാങ്കേതിക വിദ്യാഭ്യാസം ."പേരന്റ്സ് ട്രെയിനിങ്"


വിദ്യാഭ്യാസം മെച്ച പെടുത്തുന്നതിനായി വിവര വിനിമയ സാങ്കേതിക വിദ്യയുടെ  സഹായത്താൽ പഠനത്തിൽ നവീകരണം കൊണ്ട് വന്നിരിക്കുന്നു . ഒക്ടോബര് 11 തിയതി മാതാപിതാക്കൾക്കായി ഒരു ട്രെയിനിങ് ഏർപ്പെടുത്തുകയും ചെയ്തു മാധ്യമങ്ങളിലൂടെയുള്ള ആധുനിക വിദ്യാഭ്യാസ മാർഗം അധ്യാപകർ പകർന്നു നൽകുകയും ചെയ്തു .

# മാതാവിന്റെ ജപമാല പ്രാർത്ഥനയോടെ വിദ്യാർത്ഥികൾ .

മാതാവിന്റെ കൊന്ത മാസത്തിൽ എല്ലാ ദിവസവും സ്ക്കൂളിൽ കൊന്ത നടത്തുകയുണ്ടായി. അവസാന ദിവസമായ 31  തിയതി പ്രതീകമായി  10 ക്ലാസ്

വിദ്യാർത്ഥികളെ സമർപ്പിച്ചുകൊണ്ട് വിദ്യാലയം മുഴുവൻ ചുറ്റിക്കൊണ്ടുള്ള ജപമാല റാലി നടത്തുകയുണ്ടായി.സ്ക്രൂൾ മുഴുവൻ പ്രാർത്ഥനയുടെ തീക്ഷ്ണതയാൽ പ്രകാശം നിറഞ്ഞു.

# ശാസ്ത്രം





# ദേശീയ ശാസ്ത്ര ദിനം 2018: വിദ്യാർത്ഥികൾ ദിവസത്തെക്കുറിച്ച് അറിഞ്ഞിരിക്കേണ്ട 10 കാര്യങ്ങൾ

1. 1986 ൽ നാഷണൽ കൗൺസിൽ ഫോർ സയൻസ് ആൻഡ് ടെക്നോളജി കമ്മ്യൂണിക്കേഷൻ (എൻസിഎസ്ടിസി) ഫെബ്രുവരി 28 ന് ദേശീയ ശാസ്ത്ര ദിനമായി പ്രഖ്യാപിക്കാൻ ഇന്ത്യാ സർക്കാരിനോട് ആവശ്യപ്പെട്ടു, അന്നത്തെ സർക്കാർ ഈ ദിവസത്തെ ദേശീയ ശാസ്ത്ര ദിനമായി അംഗീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തു.

2. ദേശീയ ശാസ്ത്ര ദിനം ആഘോഷിക്കുന്നതിന്റെ അടിസ്ഥാന ലക്ഷ്യം ശാസ്ത്രത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ പ്രയോഗത്തെക്കുറിച്ചും ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുക എന്നതാണ്.

3. ആദ്യത്തെ ദേശീയ ശാസ്ത്ര ദിനം 1987 ഫെബ്രുവരി 28 നാണ് ആഘോഷിച്ചത്.

4. ദേശീയ ശാസ്ത്ര ദിനം 2018 ന്റെ വിഷയം "സുസ്ഥിര ഭാവിയിലേക്കുള്ള ശാസ്ത്ര സാങ്കേതിക വിദ്യ" എന്നതാണ്, അതിൽ ഉൾപ്പെട്ടിട്ടുള്ള ശാസ്ത്രീയ പ്രശ്നങ്ങളെക്കുറിച്ച് പൊതുജനങ്ങളുടെ പ്രശംസ ഉയർത്തുന്നതിനായി തിരഞ്ഞെടുക്കപ്പെട്ടു.

5. ദേശീയ ശാസ്ത്ര ദിനം രാജ്യത്തുടനീളം, പ്രത്യേകിച്ചും ശാസ്ത്ര സ്ഥാപനങ്ങളിലും ഗവേഷണ ലബോറട്ടറികളിലും ആഘോഷിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള നോഡൽ ഏജൻസിയാണ് സയൻസ് & ടെക്നോളജി വകുപ്പിന്റെ (ജിഎസ്ടി) നാഷണൽ കൗൺസിൽ ഫോർ സയൻസ് & ടെക്നോളജി കമ്മ്യൂണിക്കേഷൻ (എൻസിഎസ്ടിസി).

6. സയൻസ് പോപ്പുലറൈസേഷൻ, കമ്മ്യൂണിക്കേഷൻ മേഖലയിലും ശാസ്ത്രീയ മനോഭാവം പ്രോത്സാഹിപ്പിക്കുന്നതിലും ശ്രദ്ധേയമായ ശ്രമങ്ങളെ ഉത്തേജിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും തിരിച്ചറിയാനും 1987 ൽ ജിഎസ്ടി ദേശീയ അവാർഡുകൾ ഏർപ്പെടുത്തി. 2017 ൽ പഞ്ചാബിൽ നിന്നുള്ള ഡോ. രഘ്ബീർ സിംഗ് ഖണ്ഡ്പൂരിനെ എസ് ആന്റ് ടി കമ്മ്യൂണിക്കേഷനിൽ മികച്ച ശ്രമങ്ങൾക്കുള്ള ദേശീയ അവാർഡിനായി തിരഞ്ഞെടുത്തു. 2,00,000 / - രൂപ (രണ്ട് ലക്ഷം രൂപ), ഒരു മെമന്റോ, അവലംബം എന്നിവയാണ് അവാർഡ്. മറ്റെല്ലാ ദേശീയ അവാർഡുകളും 1,00,000 / - രൂപ (ഒരു ലക്ഷം രൂപ), ഒരു മെമന്റോ, അവലംബം എന്നിവ ഉൾക്കൊള്ളുന്നു

7. മറ്റൊരു അഭിമാനകരമായ അവാർഡ്, 2017 ലെ സയൻസ് ആൻഡ് ടെക്നോളജി ആപ്ലിക്കേഷൻ വഴി വനിതാ വികസനത്തിനുള്ള ദേശീയ അവാർഡും ഒഡീഷയിലെ ജഗത്സിംഗ്പൂരിലെ സാമൂഹ്യ സാംസ്കാരിക വികസന കേന്ദ്രത്തിൽ എൻഎസ്ഡിക്ക് നൽകുന്നു. 15 ലക്ഷം രൂപ, ഒരു മെമന്റോ, അവലംബം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

8. 1954 ൽ സ്വന്തം നാടായ ഭാരത് രത്നയിൽ നിന്ന് പരമോന്നത സിവിലിയൻ അവാർഡ് ലഭിച്ച സർ സിവി രാമൻ, പ്രകാശം വിതറുന്നതിനെക്കുറിച്ച് പഠിക്കാനുള്ള പരീക്ഷണങ്ങൾ ആരംഭിച്ചു; അങ്ങനെ ഒരു സിസ്റ്റത്തിലെ വൈബ്രേഷൻ, റൊട്ടേഷൻ, മറ്റ് ലോ ഫ്രീക്വൻസി മോഡുകൾ നിരീക്ഷിക്കുന്നതിനായി രാമൻ സ്പെക്ട്രോസ്കോപ്പി വന്നു. ഇത് സാധാരണയായി കെമിക്കൽ ലബോറട്ടറികളിൽ ഉപയോഗിക്കുന്നു, കൂടാതെ പ്രകാശം ചിതറിക്കിടക്കുന്ന പദാർത്ഥത്തിന്റെ വിരലടയാളം ആയി ഇത് പ്രവർത്തിക്കുന്നു.

9. അക്കാദമി അവലംബം അനുസരിച്ച്, ഭൗതികശാസ്ത്രത്തിനുള്ള നോബൽ സമ്മാനം 1930 സർ ചന്ദ്രശേഖര വെങ്കട രാമന് "പ്രകാശം വിതറുന്നതിനെക്കുറിച്ചും അദ്ദേഹത്തിന്റെ പേരിലുള്ള പ്രഭാവം കണ്ടെത്തിയതിനായും" അവാർഡ് നൽകി.

10. ദേശീയ ശാസ്ത്ര ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ട്വീറ്റ് ചെയ്തു. അദ്ദേഹം ട്വീറ്റ് ചെയ്തു, "# നാഷണൽ സയൻസ് ഡേയ്ക്ക് ആശംസകൾ. എല്ലാ ശാസ്ത്രപ്രേമികളെയും ഞാൻ അഭിവാദ്യം ചെയ്യുന്നു, അവരുടെ ശാസ്ത്ര തീക്ഷ്ണത വർദ്ധിപ്പിക്കുന്നതിനനുസരിച്ച് അവർക്ക് ഏറ്റവും മികച്ച ആശംസകൾ നേരുന്നു. ഇന്ത്യ നമ്മുടെ ശാസ്ത്രജ്ഞരോട് വളരെയധികം അഭിമാനിക്കുന്നു."

ദേവതയുടെ_പേരാണ് ഇതിന് നൽകിയിരിക്കുന്നത്. ചന്ദ്രനുശേഷം രാത്രി ആകാശത്തിലെ ഏറ്റവും തിളക്കമുള്ള രണ്ടാമത്തെ പ്രകൃതി വസ്തുവായതിനാൽ, ശുക്രന് നിഴലുകൾ ഇടാൻ കഴിയും, അപൂർവ്വമായി, പകൽ വെളിച്ചത്തിൽ_ നഗ്നനേത്രങ്ങൾക്ക്_ഇത് ദൃശ്യമാകും. . ഓരോ 224.7 ഭൗമദിനത്തിലും ശുക്രൻ സൂര്യനെ പരിക്രമണം ചെയ്യുന്നു. _കാലഘട്ടത്തിൽ 243 ഭൗമദിനങ്ങൾ ഉള്ളതിനാൽ, സൗരയൂഥത്തിലെ_ഏതൊരു ഗ്രഹത്തേക്കാളും അതിന്റെ അച്ചുതണ്ടിൽ കറങ്ങാൻ കൂടുതൽ സമയമെടുക്കുകയും യുറാനസ് ഒഴികെയുള്ള എല്ലാവർക്കും വിപരീത ദിശയിലേക്ക് പോകുകയും ചെയ്യുന്നു (സൂര്യൻ പടിഞ്ഞാറ് ഉദിക്കുക അസ്തമിക്കുകയും ചെയ്യുന്നു പ്രക്രിദത്ത



ഉപഗ്രഹങ്ങളൊന്നുമായിരുന്നില്ല, ഇത് സൗരയൂഥത്തിലെ ഗ്രഹങ്ങൾക്കിടയിൽ ബുധനുമായി മാത്രം പങ്കിടുന്നു.

# അഗ്നിപർവ്വതം.



തിളച്ചുരുകിയ  മാഗ്മ, ദ്രവരൂപത്തിലോ, മാഗ്മ, ദ്രവരൂപത്തിലോ, രണ്ടും ചേർന്നോ വൻതോതിൽ  ഹോഗ്രപരിതലത്തിലേക്കു ബഹിർഗമിക്കുന്ന ഭ്രവല്കാചിദ്രമാണ് **അഗ്നിപർവ്വതം.** മിക്കപ്പോഴും ഇവ ഉയർന്ന കുന്നുകളുടെയോ പർവ്വതങ്ങളുടെയോ രൂപത്തിലായിരിക്കും കാണുക.

ഫലകചലനം ഉള്ള പ്രദേശങ്ങളിൽ അഗ്നിപർവ്വതങ്ങളും അഗ്നിപർവ്വതവക്ത്രങ്ങളിൽ നിന്നുള്ള

ബഹിർഗമനവും ഉണ്ടാകാനുള്ള സാദ്ധ്യത കൂടുതലാണ്. ആഗ്നേയ പ്രക്രിയയിൽ ഒരിനമാണ് അഗ്നിപർവ്വതോദ്ഗാരം, മറ്റേ ഇനം അന്തർവേധനവും. ഭൂവല്കത്തിലെ ശിലകളുടെ അടിയിൽ വിദരങ്ങളും വിടവുകളും സൃഷ്ടിച്ചു തിളച്ചുരുകിയ ശിലാദ്രവം മുകളിലേക്കിരച്ചുകയറുന്ന പ്രക്രിയയാണ് അന്തർവേധനം. ഇതിൽ അഗ്നിപർവ്വതത്തിലെപ്പോലെ മാഗ്മ ബഹിർഗമിക്കുന്നില്ല.

# യുവതലമുറ:ഒരു നിരീക്ഷണം

- ലോകത്തിന്റെ ഏതു ഭാഗത്തുള്ള ആർക്കും ലേഖനത്തിൽ ഇടപെടാനും തിരുത്താനും സ്വാതന്ത്ര്യമുള്ള മലയാളം വിക്കിയിൽ, കഴിഞ്ഞ പത്തുവർഷത്തിനിടെ 46,000 ലധികം അംഗങ്ങൾ ഉണ്ട്. എന്നാൽ, ഇവരിൽ ഭൂരിഭാഗം ആളുകളും സജീവമല്ല. കേവലം 300 ൽ താഴെ ആളുകൾ മാത്രമാണ് സജീവമായി ലേഖനങ്ങൾ എഴുതുന്നതിനും തിരുത്തുന്നതിനുമൊക്കെ സജീവമായി രംഗത്തുള്ളത്.

- വിജ്ഞാനതൽപരരും കർമോത്സുകരുമായ മലയാളി ചെറുപ്പക്കാരാണ് മലയാളം വിക്കിപീഡിയയെ ഈ വിധം സമ്പന്നമാക്കിയത്. തീർത്തും സൗജന്യസേവനമെന്ന നിലക്കാണ് അവർ അതിലെ ലേഖനങ്ങൾ തയ്യാറാക്കിയത്. മലയാളത്തിന്റെ വളർച്ചയെക്കുറിച്ച് നമ്മുടെ രാഷ്ട്രീയക്കാരും നിയമസഭയുമൊക്കെ കിടിലൻ ബഡായികൾ വിട്ടുകൊണ്ടിരുന്ന സന്ദർഭത്തിൽതന്നെയാണ്, ഭരണകൂടത്തിന്റെ പ്രത്യേകമായ പ്രോത്സാഹനമോ പിന്തുണയോ ഇല്ലാതെതന്നെ, മലയാള ഭാഷയെ സൈബർ ലോകത്ത് സജീവമാക്കുന്ന പ്രവർത്തനങ്ങളിൽ മലയാളി ചെറുപ്പക്കാർ സജീവമായതെന്നത് അഭിമാനകരമായ കാര്യമാണ്.

വിക്കിപീഡിയയെ പൊതുവായും മലയാളം വിക്കിപീഡിയയെ പ്രത്യേകമായും വിഷയമാക്കിക്കൊണ്ട് മാധ്യമം ദിനപത്രം 2013 ഏപ്രിൽ 13 ന് പ്രസിദ്ധീകരിച്ച മുഖപ്രസംഗം

- ഇന്റർനെറ്റിൽ മലയാളം അനായാസം ഉപയോഗിക്കാനാവുംവിധം ചിട്ടപ്പെടുത്തുകയും മലയാളം യൂണികോഡിന് വിപുലപ്രചാരവും അംഗീകാരവും നേടിക്കൊടുക്കുകയും ചെയ്ത സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്, മലയാളംവിക്കി സമൂഹം തുടങ്ങിയ കൂട്ടായ്മകളിലൂടെയാണ് ഈ നേട്ടങ്ങൾ സാധ്യമായിട്ടുള്ളത്. കേരളത്തിലെ സ്കൂൾവിദ്യാർഥികൾ മലയാളം വിക്കി പ്രവർത്തനങ്ങളിൽ താത്പര്യത്തോടെ ഇടപെടുന്നു എന്നതാണ് എടുത്തുപറയേണ്ട മറ്റൊരുകാര്യം. മലയാളം മരിക്കുന്നു എന്ന വിലാപവും വികാരപ്രകടനങ്ങളും ഒരുവശത്ത് നടക്കുമ്പോഴാണ് ജനാധിപത്യനിലപാടുകളിൽ ഊന്നിനിന്നുകൊണ്ടുള്ള സാങ്കേതികമുന്നേറ്റങ്ങളിലൂടെ മലയാളത്തെ പുതിയ ആകാശങ്ങളിലേക്ക് കൈപിടിച്ചുയർത്തുന്ന സഫലയത്നങ്ങൾ മുന്നേറിക്കൊണ്ടിരിക്കുന്നത്.

  ..2010-ൽ വെക്റ്റർ സ്കിൻ അധിഷ്ഠിതമായ പുതിയ സമ്പർക്കമുഖം നിലവിൽ വരുന്നതുവരെ ..ഉപയോഗിച്ചുകൊണ്ടിരുന്ന വിക്കിപീഡിയ ചിഹ്നം.

  വിക്കിപീഡിയയിൽ ഉപയോഗിക്കാനായി 2006-ൽ തയ്യാറാക്കിയ ചിഹ്നം

ഹലീമ ജെ

IX B

നന്ദി